LIBRARY ARCHIVES Kerala Legislative Assembly

പട്ടാമ്പി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

52 (759) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ച പശ്ചാത്തലത്തിൽ പാലക്കാട് ജില്ലയുടെ തൃത്താല - പട്ടാമ്പി ഭാഗങ്ങളിൽ ചികിത്സാ സൗകര്യം വളരെ കുറവായ സ്ഥിതി കണക്കിലെടുത്ത് പട്ടാമ്പി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

ഉണ്ട്. പട്ടാമ്പി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്ന വിഷയം പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി

53 (760) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ട്രോമാകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ അനുവദിക്കുമെന്ന വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും എന്നറിയിക്കാമോ ?

ഉത്തരം

(എ) 25-11-2014-ന് ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ കൂടിയ ആശുപത്രി ഭരണ സമിതി യോഗത്തിൽ ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഡയാലിസിസ് യൂണിറ്റിന് സ്ഥലം ലഭ്യമാണ്. ട്രോമാകെയർ യൂണിറ്റിനുള്ള കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനായി 30 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഉപകരണങ്ങളുടെ ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു.